പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6577    21.11.2019 ൽ മറുപടിയ്ക്ക്

**കോഞ്ഞുരുത്തി പുഴയുടെ പുറംമ്പോക്കിൽ താമസിക്കുന്ന 42 കുടുംബങ്ങൾക്ക് ഭൂമി**

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ സർവ്വെ നമ്പർ 1006 ൽപ്പെട്ട കോഞ്ഞുരുത്തി പുഴയുടെ പുറംമ്പോക്കിൽ താമസിക്കുന്ന നാല്പത്തി രണ്ട് കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ; | (എ),(ബി)&(സി) കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ സർവ്വെ നമ്പർ 1006 ൽപ്പെട്ട കോഞ്ഞുരുത്തി പുഴയുടെ പുറംമ്പോക്കിൽ താമസിക്കുന്ന നാല്പത്തി രണ്ട് കുടുംബങ്ങളെ പ്രത്യേക പരിഗണന നല്കി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് 23/5/2018-ൽ 10252/A3/2016/റവ നമ്പർ അനൗദ്യോഗികക്കുറിപ്പിൻ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം WP(C) 1812/2016-ൽ സമർപ്പിച്ച അഫിഡവിറ്റിൽ ബഹു.ഹൈക്കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതും ആയതിൻ പ്രകാരം നടപടി സ്വീകരിക്കുന്നതിന് 5/12/2018-ലെ Lr.No.40252/A3/2016/റവ നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. നിലവിൽ ഭൂമി കണ്ടെത്തിയിട്ടില്ല.<br><br>ടി സർവ്വെ നം. ഉൾപ്പെട്ടിട്ടുള്ള 58-ാം ഡിവിഷനിൽ ആകെ 135 കുടുംബങ്ങൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ; | |
| (സി) | ഇതു സംബന്ധിച്ച ഫയൽ നമ്പറുകൾ വെളിപ്പെടുത്താമോ? | |

സെക്ഷൻ ഓഫീസർ